**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – വരന്തരപ്പള്ളി ഗ്രാമപഞ്ചായത്ത് -2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7-ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ. (സാധാ) നം.612/16/തസ്വഭവ.** **തിരുവനന്തപുരം, തീയതി:15/02/2016**

പരാമർശം:-

1) പഞ്ചായത്ത് ഡയറക്ടറുടെ 20/07/2015-ലെ എം3-22409/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18/11/2015-ലെ KSA 10736/പിറ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിൻറെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7 പ്രകാരം വൃദ്ധരുടെ ആരോഗ്യ സംരക്ഷണത്തിന് മെഡിക്കൽ ക്യാമ്പ് നടത്തി മരുന്ന് വിതരണം ചെയ്തത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 5,03,750/-രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ആയുർവേദ ആശുപത്രിയിൽ ദിവസേനയുള്ള രോഗികളുടെ തിരക്ക് മൂലം 103 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ളതും വനപ്രദേശങ്ങളും മലമ്പ്രദേശങ്ങളും നിറഞ്ഞതുമായ പഞ്ചായത്ത് പ്രദേശങ്ങളിലൂടെയുള്ള ദുർഘടമായ പാതയിലൂടെ മരുന്ന് കൊണ്ട് പോകുന്നതിനുള്ള തടസ്സം മൂലമാണ് മരുന്ന് സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്ന ഗ്രാമപഞ്ചായത്തിന്റെ 17/10/2014 ലെ സാധാരണ യോഗത്തിലെ 84(2) നമ്പർ തീരുമാനത്തിന്റെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത തുക ക്രമീകരിയ്ക്കുന്നതിലും സാധൂകരണം നൽകുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ

എന്നിവയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 5,03,750/- (അഞ്ച് ലക്ഷത്തി മൂവായിരത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ,

ഡെപ്യൂട്ടി സെക്രട്ടറി,

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി, വരന്തരപ്പള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ